©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഏപ്രിൽ 10<br>10th April 2018<br>1193 മീനം 27<br>27th Meenam 1193<br>1940 ചൈത്രം 20<br>20th Chaithra 1940 | നമ്പർ<br>No. | 950 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 22/2018/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2018 ഏപ്രിൽ 4 / 1193 മീനം 21.*

**എസ്. ആർ. ഒ. നമ്പർ 220/2018.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം എറണാകുളം ജില്ലയിലെ എടത്തല ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'സർക്കാർ വഴി പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി പ്രസ്തുത ഗ്രാമ പഞ്ചായത്തുമായി ആലോചിച്ചശേഷം പ്രസ്തുത ആക്ടിന്റെ പ്രവർത്തന പരിധിയിൽ നിന്നും കേരള സർക്കാർ ഇതിനാൽ ഒഴിവാക്കുന്നു, അതായത് :—

പട്ടിക

| | | |
|---|---|---|
| ജില്ല | .. | എറണാകുളം |
| താലൂക്ക് | .. | ആലുവ |
| വില്ലേജ് | .. | ആലുവ വെസ്റ്റ് |
| ഗ്രാമ പഞ്ചായത്ത് | .. | എടത്തല |
| ബ്ലോക്ക് നമ്പർ | .. | 36 |
| റീസർവ്വേ നമ്പർ | .. | 61/5 |
| വിസ്തീർണ്ണം | .. | 03.49 ആർ. |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | .. | നടവഴി |
| തെക്ക് | .. | അബ്ദുൾ ഖാദർ വക സ്ഥലം |
| കിഴക്ക് | .. | പഞ്ചായത്ത് റോഡ് |
| പടിഞ്ഞാറ് | .. | സുനിൽ വക സ്ഥലം |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ബി. അശോക്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം എറണാകുളം ജില്ലയിലെ എടത്തല ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള, ആലുവ വെസ്റ്റ് വില്ലേജ്, റീസർവ്വേ നമ്പർ 61/5-ൽ പെട്ട 03.49 ആർ 'സർക്കാർ വഴി പുറമ്പോക്ക്' ഭൂമി ടി ആക്റ്റിലെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ പ്രവർത്തന പരിധിയിൽ നിന്നും ഒഴിവാക്കുവാൻ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.